പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാചോദ്യം നം.572

24/01/2018 ൽ
മറുപടിക്ക്

## ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലം പഞ്ചായത്തിന് കൈമാറി കൊടുക്കുന്നതിന് നടപടി

ചോദ്യം
ശ്രീ.കെ.ബാബു

ഉത്തരം
ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെന്മാറ നിയോജക മണ്ഡലത്തിലെ പല്ലശ്ശന ഗ്രാമ പഞ്ചായത്തിലുള്ള പനംചക്കര സൊസൈറ്റിയുടെ സ്ഥലം വർഷങ്ങളായി ഉപയോഗശൂന്യമായി കിടക്കുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? | (എ) | ഉണ്ട് |
| (ബി) | ഉപയോഗശൂന്യമായി കിടക്കുന്ന പ്രസ്തുത സ്ഥലം പഞ്ചായത്തിലേക്ക് കൈമാറി കൊടുക്കുന്നത് സംബന്ധിച്ച അപേക്ഷ ലഭിച്ചിട്ടുണ്ടോ, എങ്കിൽ അതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചത്, വിശദമാക്കുമോ? | (ബി) | അപേക്ഷ ലഭിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. പാലക്കാട് ജില്ലയിലെ പല്ലശ്ശന പഞ്ചായത്തിലെ മുൻകാലത്ത് പ്രവർത്തിച്ചിരുന്ന പാൽമിറ ജാഗറി പ്രൊഡ്യൂസേഴ്സ് സഹകരണ സംഘം ലിമി.നം.പി. 1322 എന്ന സഹകരണ സംഘം സഹകരണ നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതായതിനാൽ സഹകരണ നിയമ പ്രകാരം മാത്രമേ ആസ്തികളും മറ്റും കൈമാറ്റം ചെയ്യാൻ കഴിയുകയുള്ളൂ എന്നും സംഘത്തിലെ മെമ്പർമാരിൽ ഭൂരിഭാഗവും മരിച്ചു പോയിട്ടുള്ളതിനാൽ പൊതുയോഗത്തിന്റെ അഭിപ്രായം തേടാൻ കഴിയാത്ത |

| | | | |
|---|---|---|---|
| | | | സാഹചര്യമാണ് നിലവിലുള്ളത് എന്നും സംഘത്തിന്റെ ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തി ലിക്വിഡേഷൻ നടപടികൾ സ്വീകരിക്കുന്നതിന് ലിക്വിഡേറ്ററെ ചുമതലപ്പെടുത്തിയിട്ടുള്ളതിനാൽ സംഘം വക സ്ഥലം കൈമാറ്റം ചെയ്യാൻ കഴിയില്ല എന്നും ഖാദി ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**